# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ ബാംഗ്ലൂർ മെത്രാസന ഇടവകയുടെ
ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്തായിൽ നിന്നും

C. No. 10/2023

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

പ്രിയരെ, നമ്മുടെ കൽപന C. No. 08/2023 പ്രകാരം 2022-23 ഭദ്രാസന വാർഷിക പൊതു യോഗം 2023 ജൂലൈ 6-ാം തീയതി വ്യാഴാഴ്ച രാവിലെ 9.30 മുതൽ നമ്മുടെ അദ്ധ്യക്ഷതയിൽ ഭദ്രാസന ആസ്ഥാനത്ത് കൂടുവാൻ നിങ്ങളെ അറിയിച്ചിരുന്നുവല്ലോ? എന്നാൽ ഈ പൊതു യോഗം ഇന്ദിരാനഗർ, സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക താല്പര്യമറിയിച്ചതിനനുസരിച്ച്, ആ ദിവസം (06-07-2023) തന്നെ ആ ദേവാലയത്തിൽ വച്ച് മുൻ നിശ്ചയിച്ച അജണ്ടാ പ്രകാരം കൂടുന്നതാണ്. ഈ പൊതുയോഗം അവിടെ നടത്തുവാൻ സന്നദ്ധത അറിയിച്ച ഇന്ദിരാനഗർ, സെന്റ് ജോർജ് ഇടവകയോടുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. ഭദ്രാസന വൈദിക വാർഷിക ധ്യാനം 2023 ജൂലൈ 5-ാം തീയതി ബുധനാഴ്ച ഇന്ദിരാനഗർ സെന്റ് ജോർജ് ദേവാലയത്തിൽ വച്ച് നടത്തുന്നതായിരിക്കും. ബഹുമാനപ്പെട്ട വൈദികർ അത് പ്രത്യേകം ശ്രദ്ധിക്കണം. ഇതിനനുസരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത് പ്രതിനിധികൾ യോഗത്തിൽ വന്നു സംബന്ധിക്കണമെന്ന് അറിയിക്കുന്നു.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*

**ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത**

2023 ജൂൺ മാസം 12-ാം തീയതി
ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും